**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **22-07-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി ഇടപാടുകളിൽ എസ്.എം.എസ്. അലർട്ട് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് ട്രഷറി അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുമ്പോൾ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്ന് അറിയിക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് ട്രഷറി അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുമ്പോൾ എസ് എം എസ് അലർട്ട് സംവിധാനം ഏർപ്പെടുത്തുമെന്ന് തീരുമാനിച്ചിരുന്നു . |
| (ബി) | എങ്കിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ട്രഷറി അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുമ്പോൾ എസ് എം എസ് അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു .ഓൺലൈൻ ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് രജിസ്ട്രേഷൻ നടത്തുമ്പോഴും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ നടത്തുമ്പോഴും അക്കൗണ്ട് ഉടമയ്ക്ക് ഓ ടി പി ലഭിക്കുന്നത് എസ് എം എസ് ആയിട്ടാണ് .ഇപ്രകാരം ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് ഭാഗികമായി എസ് എം എസ് അലർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് .അതോടൊപ്പം ഓൺലൈൻ ആയി ട്രഷറി മുഖേന നടത്തുന്ന എല്ലാ ഇടപാടുകൾക്കും എസ് എം എസ് അലർട്ട് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു . |
| (സി) | ട്രഷറി ബാങ്കിംഗ് നടപടികളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് ഇത്തരം സംവിധാനങ്ങൾ അടിയന്തരമായി നടപ്പാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | നടപ്പിലാക്കുന്നതാണ് . സെൻട്രൽ സെർവറിന്റെ ശേഷിക്കുറവ് കാരണമാണ് എസ് എം എസ് അലർട്ട് സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതിരുന്നത് .ഓൺലൈനായി നടത്തുന്ന എല്ലാ ട്രഷറി സേവിങ്ങ്സ് ബാങ്ക് ഇടപാടുകൾക്കും എസ് എം എസ് അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ് .ഇപ്രകാരം ട്രഷറി സേവിങ്ങ്സ് ബാങ്ക് ഇടപാടുകളിൽ സുരക്ഷാ ഉറപ്പാക്കുവാൻ കഴിയുന്നതാണ് . |

സെക്ഷൻ ഓഫീസർ